# Third India-Bhutan Development Cooperation Talks

June 28, 2021

---

**ഇന്ത്യ -ഭൂട്ടാൻ മൂന്നാമത് വികസന സഹകരണ** ചർച്ചകൾ

**ജൂൺ** 28, 2021

ഇന്ത്യ -ഭൂട്ടാൻ മൂന്നാമത് വികസന സഹകരണ ചർച്ചകൾ 28 ജൂൺ 2021 നു വിർചവൽ രീതിയിൽ നടന്നു. വിദേശകാര്യാമന്ത്രാലയത്തിലെ സെക്രട്ടറി (സമാപതിക ബന്ധങ്ങൾ ) ശ്രീ . രാഹുൽ ചാബ്ര ഇന്ത്യൻ വിഭാഗത്തെയും ഭൂട്ടാൻ രാജഭരണകൂടത്തിലെ വിദേശകാര്യ സെക്രട്ടറി ശ്രീ. കിങ്സിഗായേഭൂട്ടാൻ വിഭാഗത്തെയും നയിച്ചു. ഭൂട്ടാനിലേക്കുള്ള ഇന്ത്യൻ അംബാസിഡർ ശ്രീമതി രുചിര കംബോജ് സംഭാഷണങ്ങളിൽ പങ്കെടുത്തു.

ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള വികസന പകളിത്തത്തിന്റെ എല്ലാ വശങ്ങളും അവലോകനം ചെയ്യുന്നുണ്ട് പ്രധാനം ഉഭയകക്ഷി നടപടിയാണ് ഉഭയകക്ഷി വികസന സഹകരണ ചർച്ച.ഇന്ത്യൻ ഭരണകൂടം വികസന പദ്ധതികൾ നടപ്പാക്കുന്നതിനു 4500 കോടി രൂപയും. ഭൂട്ടാന്റെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിയിലെ (2018 - 2023) ഗതാഗത വ്യാപാര പിന്തണ സൗകര്യങ്ങൾക്കായി 400 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 12 മത് പഞ്ചവത്സര പദ്ധതി പ്രകാരം 77 വൻകിട, ഇടത്തരം പദ്ധതികളും 524 ചെറുകിട വികസന പദ്ധതികളും (SDP കൾ) / ഹൈ ഇംപാക്റ്റ് കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ടുകളും (HICDP കൾ ) നടത്തിപ്പിന്റെ വിവിധ ഘട്ടങ്ങളിലായാണ് ഉള്ളത്.

ഭൂട്ടാന്റെ 12 മത് പഞ്ചവത്സര പദ്ധതി (2018-2023) മൂന്നാം വർഷം പൂർത്തിയാക്കിയതോടെ, നിലവിലുള്ള പ്രോജക്റ്റ് ടൈഡ് അസിസ്റ്റൻസ് (PTA) പദ്ധതികളുടെയും SDP കൾ / HICDP കളുടെയും മൊത്തത്തിലുള്ള പുരോഗതി ഇരുപക്ഷവും അവലോകനം ചെയ്തു. ഭൂട്ടാന്റെ സാമൂഹിക-സാമ്പത്തിക പരിവർത്തനത്തിൽ ഇന്ത്യ വഹിച്ച പങ്കിനെ ഭൂട്ടാന്റെ വിദേശകാര്യ സെക്രട്ടറി അഭിനന്ദിച്ചു, കൂടാതെ HICDP കൾ അടിസ്ഥാന തലങ്ങളിൽ ഉണ്ടാക്കിയ സ്വാധീനത്തെ എടുത്തുകാണിക്കുകയും ചെയ്തു.കോവിഡ് -19 പകർച്ചവ്യാധി കണക്കിലെടുത്ത് വിവിധ പ്രോജക്ടുകൾക്കുള്ള ഫണ്ട് റിലീസ് ചെയ്യുന്നതിന് ഇന്ത്യയുടെ മുൻനിരപ്രവർത്തനത്തെ അദ്ദേഹം അഭിനന്ദിച്ചു. റോഡുകളുടെ

നിർമ്മാണം , ജലവിഭവ മാനേജ്മെന്റ്, വ്യാവസായിക പാർക്കുകൾ, കോവിഡ് -19 മാനേജ്മെന്റ് തുടങ്ങി വിവിധ മേഖലകളിൽ പുതിയ ചില PTA പദ്ധതികൾ നടപ്പാക്കാനും ചർച്ചയിൽ ഇരുപക്ഷവും അനുകൂലിച്ചു .

ഭൂട്ടാനുമായുള്ള പങ്കാളിത്തത്തിൽ ഇന്ത്യയ്ക്ക് വളരെയധികം അഭിമാനമുണ്ട്. ഭൂട്ടാന്റെ വികസന ശ്രമങ്ങളോട് പിന്തുണ നൽകുന്നതിന് ഇന്ത്യ തുടർന്ന് പ്രതിജ്ഞാബദ്ധരായിരിക്കും.

പരസ്പരം അംഗീകരിക്കുന്ന തീയതിയിൽ അടുത്ത വികസന സഹകരണ ചർച്ചകൾ നടത്താൻ ഇരുപക്ഷവും സമ്മതിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രത്യേക ബന്ധത്തിന് അനുസൃതമായുള്ള സൗഹൃദപരമായ അന്തരീക്ഷത്തിലാണ് വികസന സഹകരണ ചർച്ചകൾ നടന്നത്.

**ന്യൂ ഡൽഹി**

**ജൂൺ 28, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.